Santhigiri

ഗുരുവാണി

"സ്വയം ദുഃഖിതനായാലും അന്യനു ധർമ്മപീഡ ഏർപ്പെടുത്തുന്ന വാക്കുപറയരുത്. അന്യനു ദ്രോഹം ഉണ്ടാകുന്ന ഏതെങ്കിലും ചെയ്യുകയോ ചിന്തിക്കുകയോ അരുത്. "

ഉമ്മിണിതങ്കം

VOL 05 | ISSUE 27 | 2019 ജൂലൈ 07 | 1194 മിഥുനം 22

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പോത്തൻകോട് ഗതാഗതക്കുരുക്ക് മുഖ്യമന്ത്രിക്ക് പരാതി നൽകി

**പോത്തൻകോട് :** പോത്തൻകോട് ജംഗ്ഷനിൽ രൂക്ഷമായി അനുഭവിക്കുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തും ശാന്തിഗിരി ആശ്രമവും സംയുക്തമായി മുഖ്യമന്ത്രിക്ക് പരാതി നൽകി. പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാലൻ നായരും ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് വേണ്ടി ആശ്രമം പ്രതിനിധി എം.പി.പ്രമോദും ജൂൺ 28ന് മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി പരാതി നൽകി. കഴക്കൂട്ടം ചെങ്ങന്നൂർ കെ.എസ്.ടി.പി. പോത്തൻകോട് ജംഗ്ഷനിലെത്തുമ്പോൾ കുപ്പിക്കഴുത്തായി മാറുകയാണ്. അതോടെ ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് രൂപപ്പെടും. മിനിട്ടുകൾകൊണ്ട് മുറുകുന്ന ഗതാഗതക്കുരുക്കിൽപ്പെട്ട വാഹനങ്ങൾ ഒച്ചിഴയുന്ന വേഗതയിൽ മാത്രമേ ചലിക്കൂ. കുരുക്കഴിയാൻ പിന്നെ മണിക്കൂറുകൾ എടുക്കും. ഈ ഗതികേട് വർഷങ്ങളായി അനുഭവിക്കുകയാണ്. നിവേദനങ്ങൾ സമർപ്പിക്കലും പ്രതിഷേധങ്ങളും നിരവധി തവണ നടന്നു. ഇതുവരെ പ്രശ്നപരിഹാരമായിട്ടില്ലെന്ന് നിവേദനത്തിൽ പറയുന്നു.

അശാസ്ത്രീയമായ റോഡ്നിർമ്മാണം, അപ്രായോഗികമായ ട്രാഫിക് സംവിധാനം, പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയും ചെളിയും നിറഞ്ഞ റോഡുകൾ, ആർക്കും ആരോടും ഉത്തരവാദിത്വമില്ലാത്ത തലങ്ങും വിലങ്ങുമുള്ള വാഹന പാർക്കിംഗ് – ഇത്തരത്തിലൊരു പൊതു പ്രദേശമുണ്ടെങ്കിൽ അത് പോത്തൻകോട് മാത്രമാണ്. തലസ്ഥാന ജില്ലയിലെ പ്രധാന പ്രദേശമായ പോത്തൻകോട് ഇന്ന് തികച്ചും അവഗണനയിലാണ്. നാനാദിക്കുകളിൽ നിന്നും ദിനവും ഇവിടെയെത്തുന്നവർ പതിനായിരത്തിലധികം. ഇവരിൽ കാൽനടയാത്രക്കാർ വലിയ ഗട്ടറുകൾ ചാടിക്കടന്നും വാഹനങ്ങൾക്കിടയിലൂടെ ഊഴ്ന്നിറങ്ങിവേണം നീങ്ങാൻ. ഒരു സർക്കസ് അഭ്യാസിയുടെ മെയ്വഴക്കം ഇതിന് ആവശ്യമാണ്.

പോത്തൻകോടിലെ യാത്രാദുരിതം പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം ആവശ്യമാണ്. പോത്തൻകോട് ജംഗ്ഷനിൽ നിർത്താതെ കടന്നുപോകേണ്ടുന്ന വാഹനങ്ങളാണ് ജംഗ്ഷനിലെ റോഡിൽപെട്ട് നട്ടംതിരിയേണ്ടിവരുന്നത്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകാൻ, വേണ്ടി വന്നാൽ മേൽപ്പാലം നിർമ്മിക്കുന്നനതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. റവന്യൂ, പി.ഡബ്ല്യൂ.ഡി, പഞ്ചായത്ത് അധികൃതർ, വ്യാപാരിസംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും സന്നദ്ധ സംഘടനകളുടേയും വിപുലമായ യോഗം വിളിച്ചുകൂട്ടി റോഡുവികസനത്തിനുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.



ഗതാഗതകുരുക്കിനാൽ വലയുന്ന പോത്തൻകോട് ജംഗ്ഷൻ

## ശാന്തിഗിരിയുടെ ആതുരസേവനരംഗം മഹത്തരം– രമേശ് ചെന്നിത്തല



തട്ടാരമ്പലം ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

**മാവേലിക്കര:** കേരളത്തിനകത്തും പുറത്തുമുള്ള ശാന്തിഗിരിയുടെ ആതുരസേവനരംഗത്തെ പ്രവർത്തനങ്ങൾ മഹത്തരമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. തട്ടാരമ്പലത്ത് ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റലിന്റെയും സൗജന്യ മെഡിക്കൽ ക്യാമ്പിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാന്തിഗിരിയിലെ ഔഷധനിർമ്മാണം തികച്ചും പാരമ്പര്യവും ശാസ്ത്രീയമായ നിലവാരം പുലർത്തുന്നതുമാണ്. ഗുരുവിന്റെ കാഴ്ചപ്പാടുകളിലൂന്നി ആയുർവേദത്തിന്റെയും സിദ്ധ വൈദ്യത്തിന്റെയും അനന്തസാധ്യതകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ചികിത്സാരീതികൾ ഏറെ ഫലപ്രദമാണെന്നും ഈ ചികിത്സാസമ്പ്രദായത്തിന് ജനങ്ങൾക്കിടയിൽ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കർക്കിടകകഞ്ഞി കിറ്റിന്റെ വിതരണോദ്ഘാടനവും ചടങ്ങിൽ നടന്നു.

ശാന്തിഗിരി ആശ്രമം ഹരിപ്പാട് ബ്രാഞ്ച് ഇൻചാർജ് സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ വാർഡ് കൗൺസിലർ സുരേഷ്.സി, തെക്കേക്കര പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീലേഖ ഗിരീഷ്,മനുനായർ, രാജീവ് എസ്.ജി. എന്നിവർ പ്രസംഗിച്ചു. ജി.എസ്.ലാൽ സ്വാഗതവും ഷാജി.പി.കെ കൃതജ്ഞതയും പറഞ്ഞു.



# ഗുരുവാണി

വിശ്വാസം എന്നതിന്റെ വളർച്ചയിൽ പല വ്യതിയാനങ്ങൾ വരുന്നു. അച്ഛനമ്മമാരോട് തോന്നുന്ന വിശ്വാസത്തിൽ തുടങ്ങി മക്കളോട്, വീട്ടുകാരോട്, നാട്ടുകാരോട് ഇങ്ങനെ നാം വളർത്തുന്ന ജന്തുക്കളോടുവരെ ഓരോ തരത്തിൽ വിശ്വാസം പുലർത്തുന്നുണ്ട്. ഇതിൽ എന്തെല്ലാം ഭാവഭേദം വരുത്തുന്നുണ്ട്? അത് നമ്മൾ പൂർത്തിയാക്കിയോ എന്നു ചിന്തിച്ചാൽ, മേൽ പറഞ്ഞ ഒന്നിനോടും വിശ്വാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് മനസ്സിലാകും. കേവലം ഒരു വസ്ത്രത്തോടായാലും അതിന്റെ ഉപയോഗം വരെ മാത്രമേ അതിനോട് വിശ്വാസമുള്ളൂ. അങ്ങനെ വിശ്വാസത്തിന് ഒരു പരിധി വരുന്നു. അച്ഛനെയോ അമ്മയെയോ പിരിഞ്ഞ് ഒരു നിമിഷം ജീവിക്കാൻ കഴിയില്ലെന്നൊരു വിശ്വാസം. എന്നാൽ അത് പിന്നീട് ഭാര്യയിലേക്കും മക്കളിലേക്കും മാറുന്നു. കള്ളിൽ വിശ്വാസം വന്നാൽ ചിലർ മറ്റെല്ലാം മറക്കുന്നു.

ഇതിനെല്ലാറ്റിലുമുപരി ഈശ്വരവിശ്വാസം. അത് മാടൻ തുടങ്ങി കാളി, ഭദ്ര, ചാത്തൻ അങ്ങനെ തുടർന്ന് ഗുരു വരെ. വിശ്വാസത്തോട് ആഴത്തിൽ ചേർന്നിരിക്കുന്നതാണ് സ്നേഹം. അച്ഛന് മക്കളോടുള്ള സ്നേഹം ആഴത്തിൽ ഹൃദയത്തിലിരിക്കുന്നതാണ്. അതാർക്കും കാണാനാവില്ല. ഭർത്താവിനോട് തോന്നുന്ന വിശ്വാസവും സ്നേഹവും അച്ഛനോടുള്ളതുപോലല്ല. അമ്മയുടെ സ്നേഹം, അത് വേറൊരുതരമാണ്. അമ്മയ്ക്ക് അറിവില്ലെങ്കിലും മക്കളോട് ഉള്ളിൽ വലിയ സ്നേഹമാണ്. സ്നേഹം മഹിമയാണ്. സഹോദരസ്നേഹവും ഇന്നത്തെ കാലത്ത് ഒരു പരിധി വരെയേ ഉള്ളൂ. ഈ പരിധിവിട്ട്, ഈ സ്നേഹത്തെ നമുക്കെങ്ങനെ നിലനിർത്താൻ കഴിയും? ഇതിൽ ഏതെങ്കിലുമൊരു സ്നേഹത്തെ വളർത്താൻ കഴിയുന്നതുതന്നെ പറയാനെളുപ്പമാണ്. പ്രവൃത്തിയിൽ വരാനാണ് പ്രയാസം.

നമുക്കെങ്കിലും ഈ സ്നേഹത്തിന്റെ ആഴം നിലനിർത്തണം. എത്രയോ കാലമായി മനുഷ്യൻ അതിരറ്റ് പ്രവർത്തിച്ചതിന്റെ ഫലമായുണ്ടായതാണീ സ്നേഹം. ഒരു വസ്ത്രം ഇന്നു നമുക്ക് സാരമില്ലാതെ കിട്ടും. പക്ഷേ ഇത് കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പ് നമ്മുടെ അവസ്ഥ എന്തായിരുന്നു? അങ്ങനെ ഓരോ വിഷയവും നമ്മുടെ അറിവിലെത്തിക്കാൻ നമ്മുടെ പൂർവികന്മാരോ നമ്മളോ ജന്മംകൊണ്ട് കഷ്ടപ്പെട്ടിട്ടുണ്ടാകണം. ഈ സ്നേഹം അവിടവിടെ മുറിഞ്ഞുപോകാതിരിക്കാൻ ആദ്യം പഠിപ്പിക്കാൻ കഴിയുന്നത് മാതാപിതാക്കൾക്കാണ്. മാതാപിതാക്കളാണ് വിളക്കിനെയോ കല്ലിനെയോ ആദ്യമായി തൊഴാൻ പഠിപ്പിക്കുന്നത്. കുഞ്ഞ് അറിയാതെ തന്നെ സ്നേഹത്തിന്റെ ഒരു മഹിമ അതിന്റെ ഉള്ളിലുണ്ടാകുന്നു. കുട്ടി അതുതന്നെ തിരിച്ച് അവരോട് പറയാൻ തുടങ്ങുന്നു. കുട്ടി അറിയാതെ അതിന്റെയുള്ളിൽ അറിവുണ്ടാകുകയാണ്.

നാം വളർത്തുന്ന പശുവിന്റെ ചാണകം ഉരുട്ടിവച്ച് ഗണപതിയെ സങ്കൽപിക്കുന്നു എന്തുകൊണ്ട്? അതൊരു വിശ്വാസമാണ്. ഈ നാറുന്ന വസ്തുവിനോട് വിശ്വാസം വന്നതെങ്ങനെ? വിശ്വാസമില്ലാത്തവന് ഇതുകണ്ടാൽ പരിഹാസം തോന്നും. നമുക്ക് ചാണകത്തിനോടു പോലും സ്നേഹം എത്തിക്കാൻ പൂർവികർ എന്തു ബുദ്ധിമുട്ടിക്കാണും? ചാണകത്തെ കുമ്പിട്ടതിനു ശേഷം പിന്നെ രൂപങ്ങളുണ്ടാക്കിവച്ച് വിശ്വാസം ഉറപ്പിക്കാൻ തുടങ്ങി. കാണുന്നവനും അറിയാതെ വീണു തൊഴുതുപോകും. തമിഴന്മാർ ദൈവത്തിന്റെ രൂപം ഉണ്ടാക്കിവച്ചാൽ അതിന് മീശ കാണും. ഇതുണ്ടാക്കിയവനും തൊഴുതവനും ദൈവത്തെ വിചാരിച്ചാണ് ചെയ്തിരിക്കുന്നത്.

ചിലർ 'ഇതൊക്കെ ഉണ്ടോ ഇല്ലയോ എന്നറിയില്ല, എല്ലാം ജനങ്ങളുടെ വിശ്വാസം' എന്നു കരുതി ഒന്നിനെയും നിഷേധിക്കാതെ നിൽക്കും. അവൻ അറിഞ്ഞു ജീവിക്കുന്നവനാണ്. ക്രിസ്ത്യാനിയും മുസ്ലീമും ബുദ്ധിസ്റ്റുകളുമൊക്കെ അവരവരുടേതായി ഓരോന്നുണ്ടാക്കി വച്ച് ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ഈ വിശ്വാസം ജീവിതത്തിൽ എങ്ങനെ നിലനിർത്താം? അതെങ്ങനെ ചുറ്റുപാടും ഉള്ളവരിലേക്ക് പകരാം. നമ്മൾ വളർത്തുന്നവരെയും നമ്മളെ വളർത്തുന്നവരെയും മറന്നിട്ട് നമുക്ക് നമ്മുടെ ഇഷ്ടം കാണിക്കാൻ സാധിക്കുന്നു. ഇതെങ്ങനെ കഴിയുന്നു?

സ്നേഹത്തിന്റെ ഉറവിടം മറ്റൊരിടത്തേക്കു ഒഴുകിപ്പോയാൽ എന്തു സംഭവിക്കുമെന്ന് ചിന്തിക്കൂ. നാലു മക്കളുള്ള സ്ത്രീ മറ്റൊരാളോടൊപ്പം പോയി എന്നുപറഞ്ഞാൽ എന്താണ് കഥ? ഇത് നിങ്ങളുടെ മനസ്സുകൊണ്ടേ മാറ്റാനാവൂ. വിശ്വാസവും സ്നേഹവും ഉറപ്പിച്ച് മറ്റുള്ള നീചവിചാരങ്ങളെ കഴുകിക്കളയുന്ന ഒരു പാതയാണിത്. ഇതിന് ആഗ്രഹിക്കുന്ന നിങ്ങൾ എങ്ങനെ ഇതിനുവേണ്ടി കരുത്താർജ്ജിക്കണം എന്നു ചിന്തിക്കുക.

## വചനദീപ്തി

*മോക്ഷേച്ഛയില്ലാതെ വൈരാഗ്യവും ത്യാഗമില്ലാതെ*
*ജീവകാരുണ്യവുമുണ്ടായിട്ടു വിശേഷിച്ചു പ്രയോജനമൊന്നുമില്ല.*

**ജ്ഞാനവാസിഷ്ഠം**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

12.07.2019 – ലക്ഷ്മിപുരം, കാഞ്ഞാംപാറ

13.07.2019 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2019 ജൂലൈ 11 : 3 PM- 6 PM

# ത്യാഗപൂർണ്ണിമയുടെ അഭൗമകാന്തി

**പ്രകാശപഥം**

ബ്രഹ്മത്തിൽ നിന്നും എനിക്കു ദർശനത്തിൽ നിന്നു കിട്ടിക്കൊണ്ടിരിക്കുന്ന പ്രകാരം ഗുരു എന്ന സത്യത്തെ ജനപഥത്തിന്റെ അറിവിനായി എഴുതുകയാണ്.

എന്റെ ഗുരുവിന്റെ പ്രവർത്തനശേഷി അപാരവും പൂർണ്ണവുമാണ്. പ്രപഞ്ചത്തിലെ സമസ്ത കർമശേഷിയും ബ്രഹ്മചൈതന്യത്തിൽ നീതനായ ഗുരുസ്വരൂപത്തിൽ പ്രതിബിംബിക്കുന്നു. അത്യന്തം ശ്രേഷ്ഠവും ശുദ്ധവുമായ ആ കർമശാസ്ത്രകോടിയെ ഭൂലോകത്ത് വരുത്തുവാൻ മഹാന്മാരായ ഗുരുകുലരത്നങ്ങൾ അനവരതം പ്രയത്നം ചെയ്തുകൊണ്ട് സൂക്ഷ്മത്തിൽ നിന്നിരുന്നു. ഏഴാമത് മന്വന്തരത്തിലെ ആദിയുഗം മുതൽ ഇരുപത്തിയെട്ടാമതു ചതുർയുഗത്തിലെ ഈ കലിയുഗം വരെ ഒരു സൗരയൂഥവ്യാപ്തിവരെ ആത്മശുദ്ധി പ്രാപിച്ച് ഗുരുസ്ഥാനം വഹിച്ചുനിൽക്കുന്ന മഹാത്മാക്കളുടെയും അത്രത്തോളം തന്നെ വ്യാപിച്ചു നിൽക്കുന്ന അവരുടെ പരമ്പരയുടെയും കർമശേഷിയെ മാനിക്കുന്നവർ ഭാഗ്യവാൻമാരാണ്. എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ളവർ വിശ്വാസത്തിൽ നിന്നും സാന്ദ്രസ്നേഹത്തിലേക്ക് ഉയർത്തപ്പെടുകയാണ്. അവരുടെ ഹൃദയവും വിചാരവും വിമലീകരിക്കപ്പെടുകയാണ്. തന്നെയുമല്ല, അമൃതമയമായ ബ്രഹ്മകല്പിതവാക്കുകളുടെ സത്യമുദ്രകൾ കാലാന്തരവിശേഷങ്ങളുടെ നന്മയിലേക്കാനയിച്ചുകൊണ്ട് നമ്മെ അനുഗ്രഹിക്കുകയാണ്. അവരുടെ നിതാന്തമായ പ്രാർത്ഥനയുടെ ഫലമായാണ് ഗുരു ഉദയം ചെയ്തത്. നാം ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന് അങ്ങനെയൊരു മഹിമയുണ്ട്.

നാം ജീവിച്ചിരിക്കുമ്പോൾ, ജീവിതത്തിന്റെ പരമമായ ആവശ്യം അറിയുന്ന ആ സത്യത്തെ അറിഞ്ഞ്, ജീവന്റെ ശക്തിയെ ശോഷിപ്പിക്കാതെ, അഭിമാനപുരസ്സരം, ബഹുമാനപുരസ്സരം, നവോന്മേഷശാലികളായി പ്രവർത്തിക്കാൻ ബ്രഹ്മകല്പിതമായ വാക്കുകളുടെ ശക്തി നമ്മുടെ കൂടെയുണ്ട്. ബ്രഹ്മകല്പിതമായ വാക്കുകളെത്തന്നെ പാലിച്ചുകൊണ്ട് ഇന്നോളം ഭൂമിയിൽ വന്നു ജീവിച്ചു മറഞ്ഞുപോയ മഹാത്മാക്കൾ സൂക്ഷ്മത്തിൽ നിന്നുകൊണ്ട് നമുക്കായി സ്നേഹാദരങ്ങൾ ആശംസിക്കുന്നുണ്ട്. നാം അവയുടെ പ്രാർത്ഥനയെ സഫലതയിലെത്തിക്കുന്ന കർമയോദ്ധാക്കളാണല്ലോ. എല്ലാം ബ്രഹ്മനിശ്ചയം! ആ ബ്രഹ്മനിശ്ചയം തന്നെ നമുക്ക് പറഞ്ഞു തരുന്നു. സർവശാന്തിക്കും സമാധാനത്തിനും വേണ്ടി നാം എങ്ങനെ പ്രാർത്ഥിക്കണം എന്ന്. എങ്ങനെ പ്രവർത്തിക്കണമെന്ന്. ആ മഹത്വത്തിനു മുമ്പിൽ കീഴ്വഴങ്ങി, താണുവണങ്ങി പ്രാർത്ഥിച്ചും പ്രവർത്തിച്ചും കൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു:

സാന്ത്വനകൃപാസിന്ധോ, സമസ്ത ധർമരക്ഷകാ ഗുരോ, അപ്പാ, ഞങ്ങളുടേയും ഭൂലോകവാസികളുടേയും ഇന്നോളം ഉണ്ടായിട്ടുള്ള സമസ്ത തെറ്റും പൊറുക്കണേ!

ത്യാഗപൂർണ്ണിമയുടെ അഭൗമകാന്തിയിൽ നിന്നും പൊന്തിമുളയ്ക്കുന്ന അനുഭവം, അനുഭവസാക്ഷാത്കാരം. പ്രശാന്തവും പ്രവിശാലവുമായ പ്രപഞ്ചത്തിന്റെ സൗമ്യവിതാനം നിറഞ്ഞ് ആ പൂർണപുണ്യം കവിഞ്ഞൊഴുകുന്നു. അത് അറിവാൽ നിറഞ്ഞ്, അറിവായി ഒഴുകുന്നു. വീണ്ടും തുളുമ്പി ഒഴുകി, വീണ്ടും അറിഞ്ഞ്, അറിവു നൊമ്പരമായി, നൊമ്പരത്തിലെ ആനന്ദമായി, അനുഭവത്തിന്റെ സുകൃതധാരയായി, ആ പരിപൂർണതയിൽ ലീനമായി നിത്യാനുഭവമായി, അങ്ങനെ ഞാൻ ഞാനായിത്തീരുകയാണ്.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# അനുഭവം ഗുരു

നല്ലതും ചീത്തയും അല്ലെങ്കിൽ നന്മയും തിന്മയും തിരിച്ചറിഞ്ഞ അനുഭവസ്ഥനായ ഗുരുവിനേ തിരുത്താനൊക്കൂ. ആ ഗുരുവിനേ ധർമാധർമങ്ങളുടെ പൊരുൾ തിരിച്ചറിയാനാവൂ. കാരണം ആ ഗുരു അനുഭവസ്ഥനാണ്. അനുഭവസ്ഥനായ ഗുരു തന്റെ അനുഭവമാണ് ലോകത്തിന് പങ്കുവയ്ക്കുന്നത്; വേദാന്തമോ, സിദ്ധാന്തമോ, സൂക്തങ്ങളോ അല്ല. അനുഭവം കലർപ്പില്ലാതെ, സത്യസന്ധമായി, ഗൂഢോദ്ദേശ്യങ്ങളില്ലാതെ അല്ലെങ്കിൽ മറ്റുള്ളവരുടെ നന്മ മാത്രം ലക്ഷ്യം വച്ച് പങ്കുവയ്ക്കുന്ന ഗുരു തന്നെത്തന്നെയാണ് പങ്കുവയ്ക്കുന്നത്. തന്റെ മജ്ജയും രക്തവും മാംസവും ജീവിതം തന്നെയും ആ ഗുരു പങ്കുവയ്ക്കുന്നു. കണ്ടും കേട്ടും അറിഞ്ഞും പറഞ്ഞും ചോദിച്ചും ആ ഗുരുവിനെ മറ്റുള്ളവർ അനുഭവിച്ചറിയുകയാണ്. അവരുടെ അനുഭവം ഗുരുവിന്റെ അനുഭവത്തോട് ചേർത്തുവയ്ക്കുമ്പോൾ അല്ലെങ്കിൽ ഗുരുവിന്റെ അനുഭവം അവരുടെ അനുഭവത്തോട് ചേർത്തുവയ്ക്കുമ്പോൾ (ഫലത്തിൽ രണ്ടും ഒന്നു തന്നെ) സത്യത്തിന്റെ മിന്നാമിനുങ്ങുകൾ തെളിഞ്ഞുകാണുകയാണ്. മറ്റുള്ളവർ ഗുരുവിൽ അവരെയും, ഗുരു അവരിൽ ഗുരുവിനെയും കണ്ടെത്തുകയാണ്. അന്യോന്യം തിരിച്ചറിയുകയാണ്, ആ തിരിച്ചറിവ് ഇന്നലെ കഴിഞ്ഞതെന്ത്, ഇന്നു നടക്കുന്നതെന്ത്, നാളെ നടക്കാനിരിക്കുന്നതെന്ത് എന്ന തിരിച്ചറിവിലേക്കാണ് നയിക്കുന്നത്. അല്ലെങ്കിൽ ത്രികാലജ്ഞാന സ്വഭാവത്തിലേക്കാണ് നയിക്കുന്നത്. ജന്മാന്തരങ്ങളുടെ പടിവാതിലുകൾ ഇവിടെ തുറക്കപ്പെടുകയാണ്. ആത്മജ്ഞാനിയായ, ത്രികാലജ്ഞാനിയായ ഗുരുവിനു മാത്രമേ ജന്മാന്തരങ്ങളുടെ പടിവാതിൽ തുറന്നുതരാൻ കഴിയൂ.

അനുഭവം എന്നു പറയുമ്പോൾ ജാഗ്രത് സ്വപ്ന സുഷുപ്തിനാം സാക്ഷി എന്നു പറയുന്ന ഭാഗം കൂടിയുണ്ട്. ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും ആ ഗുരു അനുഭവസ്ഥനാകുന്നു. വേറൊരു രീതിയിൽ പറഞ്ഞാൽ ദൈവകനിവിനായി ആശ്രയിച്ചു ചെല്ലുന്നവർക്കെല്ലാം ദൈവമായിട്ടുതന്നെ ആ ഗുരുവിനെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ദൈവകനിവ് എല്ലാവർക്കും ഒരുപോലെ കിട്ടിയെന്നുവരില്ല. അത് ഓരോരുത്തരുടേയും ആത്മപുണ്യം പോലെയാണ്. പുണ്യം ജീവന്റെ സമ്പാദ്യമാണ്. അത് അനേകജന്മങ്ങളിലെ ത്യാഗത്തിന്റെ ആകെത്തുകയാണ്. പുണ്യമുള്ളവർ ദൈവകനിവ് എളുപ്പത്തിൽ അനുഭവിച്ചറിയുന്നു. അതില്ലാത്തവർ അതുണ്ടാകണമെന്നാഗ്രഹിച്ച് ദൈവകനിവിനായി ഗുരുവിനെ സമീപിക്കുമ്പോൾ കുറേശ്ശെയായി ലഭിക്കുന്നു. ആഗ്രഹം പോലെ തന്നെ അനുസരണയും വിനയവും സത്യസന്ധതയും ആത്മാർത്ഥതയും പരമപ്രധാനമാണ്. ഇവിടെയാണ് മുൻപുപറഞ്ഞ പ്രകൃതത്തിന്റെ വിഷയം. നന്മയില്ലാത്ത പ്രകൃതമാണെങ്കിൽ അതുമാറി നന്മയുള്ള പ്രകൃതമുണ്ടാകണമെന്നാഗ്രഹിക്കുകയും ഗുരുവിന് വിധേയപ്പെട്ട്, വിനയപ്പെട്ട് ഗുരുവാക്ക് ദൈവവാക്കായിട്ടെടുത്ത് ജീവിതത്തിൽ പാലിച്ച് ജീവിതം നേരെ മുന്നോട്ടു കൊണ്ടുപോവുകയും വേണം.

"ഗുരുധർമം അനന്തവും അപരിമേയവുമാണ്. അണുവിലും അഖണ്ഡതയിലും ആരാധനാമൂർത്തിയിലും ഗുരു ദർശനദാതാവാണ്. ത്രികാലങ്ങളെ ദർശിച്ചു തെളിഞ്ഞവനും തെളിയിക്കുന്നവരും ആവർത്തിച്ചുനിവർത്തിക്കുന്നവനുമാണ്. ദേവനും ഗുരുവും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. ഇതു മനസ്സിലാക്കാൻ കഴിയാതെയുള്ള ജീവിതം നിഷ്പ്രയോജനകരമാണ്. ഇപ്രകാരമുള്ള ഗുരുവിന്റെ അനുഭവസ്ഥനായ ശിഷ്യന്റെ മുന്നിൽ ദേവീദേവന്മാർ ഒരു കാര്യമേ അല്ല". നമ്മുടെ സർവ്വസ്വവുമായ ഗുരുവിന്റെ ഈ വാക്കുകൾ നമുക്ക് അനുഭവമാണ്. ഈ അനുഭവം ദൈവകനിവായെടുത്ത് അത് ലോകത്തിന് പങ്കുവയ്ക്കാനുള്ള ബാധ്യത നമുക്കുണ്ട്. ഗുരു നമുക്കു തന്ന സ്നേഹം, വിനയം, ആദരവ്, സത്യസന്ധത, ആത്മാർത്ഥത എന്നിവ ലോകത്തിന് പങ്കുവച്ചുകൊണ്ടാണ് നാം അത് നിറവേറ്റേണ്ടത്.

# ശാന്തിഗിരി വിദ്യാഭവൻ സ്കൂൾ പാർലമെന്റ് വിജയികൾ



**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ പാർലമെന്റ് വിജയികൾ : ഹെഡ് ബോയ്- നിതിൻ രാജ്, ഹെഡ് ഗേൾ - ഓഷിമ റാം, ഡെപ്യൂട്ടി ഹെഡ് ബോയ് - അനന്തകൃഷ്ണൻ എം., ഡെപ്യൂട്ടി ഹെഡ് ഗേൾ - ജാനകി എ.ബി., സ്പോർട്സ് ക്യാപ്റ്റൻ - കാർത്തികേയൻ ആർ., വൈസ് ക്യാപ്റ്റൻ - മുഹമ്മദ് ജാസിം, ആർട്സ് ക്യാപ്റ്റൻ-ദേവു എസ്.എസ്., വൈസ് ക്യാപ്റ്റൻ - ഗായത്രി എം.ലാൽ, മാഗസിൻ എഡിറ്റർ - ആദർശ് ആർ.

# പരിസ്ഥിതി സമ്മേളനത്തിൽ ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ :** മലയാള മനോരമ നല്ലപാഠം ജൂൺ 29ന് എറണാകുളത്ത് സംഘടിപ്പിച്ച പരിസ്ഥിതി സമ്മേളനത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിനെ പ്രതിനിധീകരിച്ച് അനന്തകൃഷ്ണൻ എം. പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണം, പ്രളയാനന്തര കേരളത്തിന്റെ നിലനിൽപ്പ് തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനത്തിൽ പ്രബന്ധാവതരണം നടന്നു. 2030നുള്ളിൽ കാർബൺ തുലിത കേരളം എന്ന ലക്ഷ്യം നേടാൻ കുട്ടികളുടെ നേതൃത്വത്തിൽ നടപ്പാക്കാനുള്ള കർമ്മപദ്ധതിയുടെ മാർഗ്ഗരേഖ സ്പീക്കർ പി.ശ്രീരാമകൃഷ്ണന് നൽകി. വിദ്യാർത്ഥിസഭയുടെ മാർഗ്ഗരേഖ തുടർ ചർച്ചകൾക്കായി എല്ലാ നിയമസഭാംഗങ്ങൾക്കും കൈമാറുമെന്ന് സ്പീക്കർ പറഞ്ഞു.



അനന്തകൃഷ്ണൻ എം.

തിരുവനന്തപുരം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത അഞ്ച് സ്കൂളുകളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

# സേവാ എന്റർപ്രൈസസ് ആരംഭിച്ചു

**ആനന്ദപുരം :** മാണിക്കൽ ഗ്രാമപഞ്ചായത്ത് ശാന്തിഗിരി വാർഡിൽ സേവാ എന്റർപ്രൈസസ് ആരംഭിച്ചു. ഉദ്ഘാടനം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രൻ നിർവ്വഹിച്ചു. മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ബ്ലോക്ക് പഞ്ചായത്തംഗം ജി.കലാകുമാരി, ശാന്തിഗിരി വാർഡ് മെമ്പർ ആർ. സഹീറത്ത് ബീവി, എം.പി. പ്രമോദ്, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്രഗവൺമെന്റ് ധനസഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന സേവാ എന്റർപ്രൈസസിൽ വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാണ്. വില്ലേജ്, പഞ്ചായത്ത് ഓഫീസുകളിലേക്കുള്ള അപേക്ഷകൾ, ഓൺലൈൻ സർട്ടിഫിക്കറ്റുകൾ എന്നിവ ഇവിടെ കിട്ടും. ഇലക്ട്രിസിറ്റി, ടെലഫോൺ ബില്ലുകളും അടയ്ക്കാവുന്നതാണ്.



സേവാ എന്റർപ്രൈസസ് ഉദ്ഘാടനം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രൻ നിർവ്വഹിക്കുന്നു

## ദിവംഗതനായി



*അച്യുതൻ എൻ.*

**ഹരിപ്പാട് :** രാമപുരം ഗുരുഭവനത്തിൽ അച്യുതൻ എൻ. (85) ജൂൺ 19ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: ലക്ഷ്മി. മകൾ : ആനന്ദവല്ലി.എ മരുമകൻ : കൃഷ്ണൻ.

## പഞ്ചായത്ത് അദാലത്ത്

**കോലിയക്കോട് :** മാണിക്കൽ ഗ്രാമപഞ്ചായത്തിൽ 2019 ജൂൺ 20 വരെ കെട്ടിടനിർമ്മാണാനുമതിക്കായും കെട്ടിട നമ്പറിംഗിനായും അപേക്ഷ സമർപ്പിച്ച്, അപേക്ഷയിലെ അപാകതകൾ നിമിത്തം പെർമിറ്റ് ലഭിച്ചിട്ടില്ലാത്തവർക്ക് ജൂലൈ 8ന് രാവിലെ 11 മണി മുതൽ അദാലത്ത് സംഘടിപ്പിക്കുന്നു. അപേക്ഷകർ ആവശ്യമായ രേഖകൾ സഹിതം അന്നേദിവസം പഞ്ചായത്തോഫീസിൽ ഹാജരാകേണ്ടതാണ്.

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന് രാവിലെ 7.30ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കും. ജനനി സുപഥ ജ്ഞാനതപസ്വിനി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ഗവേണിംഗ് കമ്മറ്റി ചുമതലക്കാർ തുടങ്ങിയവർ പങ്കെടുക്കും. ഈ വർഷം സെപ്തംബർ 3ന് സമാഗതമാകുന്ന നവപൂജിതം ആഘോഷങ്ങളെ കുറിച്ച് യോഗത്തിൽ സംസാരിക്കും.

## വിവാഹിതരായി



തിരുവനന്തപുരം കുടപ്പനക്കുന്ന് വിഷ്ണുകൃപയിൽ എം.ജയകുമാറിന്റേയും ആർ.ശ്രീദേവിയിടേയും മകൻ അഖിൽദത്ത് ജെ.യും ശാന്തിഗിരി ആനന്ദപുരം ശ്രീരത്നത്തിൽ സജീവ് കെ.വി.യുടേയും രജനി സജീവിന്റേയും മകൾ ജയ ആർ.എസും ജൂലൈ 1ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



തലശ്ശേരി കൂത്തുപറമ്പ് പ്രജീഷ്ഭവനിൽ പുരുഷോത്തമന്റേയും പുഷ്പയുടേയും മകൻ പ്രജിത്ത് എ,യും സുൽത്താൻബത്തേരി തടത്തിൽവീട്ടിൽ രവീന്ദ്രന്റേയും റ്റി.ഭാനുമതിയുടേയും മകൾ രാഖി റ്റി.ആറും ജൂലൈ 1ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



കണ്ണൂർ ഈസ്റ്റ് കരിയാൽ രജിൻ നിവാസിൽ സി.രാജന്റേയും എ.ലീലയുടേയും മകൻ രഹിൽരാജും വടകര മരുതോങ്കര ഗുരുദീപ്തത്തിൽ എം.രാജന്റേയും ഇന്ദിരയുടേയും മകൾ ഷംനാരാജ് കെ.കെ.യും ജൂലൈ 1ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

## ജൂലൈ ലക്കം വിപണിയിൽ








ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് 12-ാമത് ബാച്ചിന്റെ ബിരുദദാന ചടങ്ങ് ഇ.ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു

# ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ ബിരുദദാന ചടങ്ങ് നടന്നു

**പാലക്കാട് :** ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ 12-ാമത് ബാച്ചിന്റെ ബിരുദദാന ചടങ്ങ് ജൂലൈ 1നു നടന്നു. ഡി.എം.ആർ.സി. മുഖ്യഉപദേഷ്ടാവ് ഇ.ശ്രീധരൻ ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ പാവപ്പെട്ടവരെ മറന്നുകൊണ്ട് ഡോക്ടർമാർ പ്രവർത്തിക്കരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കോയമ്പത്തൂർ ആര്യവൈദ്യഫാർമസി ചെയർമാൻ ഡോ.പി.ആർ.കൃഷ്ണകുമാർ മുഖ്യാതിഥിയായിരുന്നു.ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ.നാഗഭൂഷണം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പഞ്ചകർമ്മവിഭാഗം മേധാവി ഡോ.പി.എസ്. ആരതി, ഡോക്ടർമാരായ കെ. അനുപമ, കെ.അഭിജിത് മോഹൻ, പി.റ്റി.എ. പ്രസിഡണ്ട് എച്ച്.സൈമൺ, എ.സ്വാമിനാഥ്, പി.ജെ.അശോക്, എന്നിവർ സംസാരിച്ചു. 45 വിദ്യാർത്ഥികൾക്കാണ് ബിരുദം ലഭിച്ചത്.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയിലെ വിദഗ്ദ്ധ സമിതിയിൽ ഡോ.പി. ഹരിഹരനും

**ചെന്നൈ:** വിവിധ രോഗങ്ങൾക്കുള്ള സിദ്ധ ചികിത്സ മാർഗരേഖ തയ്യാറാക്കുന്ന ഇരുപതംഗ സമിതിയിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.പി.ഹരിഹരനെയും ഉൾപ്പെടുത്തി. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ നിർദേശപ്രകാരം ചെന്നൈയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയാണ് ഇരുപതംഗ സമിതി രൂപീകരിച്ചത്. സിദ്ധചികിത്സയിൽ 4448 രോഗങ്ങളെക്കുറിച്ചും 32 എക്സ്റ്റേണൽ തെറാപ്പികളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. രോഗങ്ങളുടെയും മരുന്നുകളുടേയും പേരുകളെല്ലാം



ഡോ.പി.ഹരിഹരൻ

തന്നെ തമിഴ്ഭാഷയിലുള്ളതാണ്. ഇന്റർനാഷണൽ സ്റ്റാൻഡേഡിനനുസരിച്ച് ഇവയെ ക്രമീകരിക്കുന്നതിനും രാജ്യാന്തര മെഡിക്കൽ സമൂഹത്തിന് കൂടി മനസിലാക്കാവുന്ന സാങ്കേതിക ഭാഷയിലേക്ക് സിദ്ധ വിഭാഗത്തെയും കൊണ്ടുവരിക എന്നുള്ളതുമാണ് കമ്മിറ്റിയുടെ മുഖ്യ ചുമതല. അതിനു പുറമെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഇൻഷുറൻസ് ക്ലെയിം എന്നിവക്ക് വേണ്ടിയുള്ള നിയമങ്ങൾ ചിട്ടപ്പെടുത്താനും സമിതി പ്രവർത്തിക്കും.

ഭാരതത്തിൽ ഇംഗ്ലീഷ് പഠനമാധ്യമമായുള്ള ഏകസിദ്ധ മെഡിക്കൽ കോളേജായ ശാന്തിഗിരിയിലെ വൈസ് പ്രിൻസിപ്പാളിനെ സമിതിയിൽ ഉൾപ്പെടുത്തിയതിൽ ഏറെ അഭിമാനമുണ്ടെന്ന് എസ്.എച്ച്.ആർ.ഒ.ഹെഡ് ഡോ. ജനനി നിശ്ചിത ജ്ഞാനതപസ്വിനി അറിയിച്ചു.



വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന 'ചിത്രസഞ്ചാരം' ദേശീയതല ചിത്രപ്രദർശനം സന്ദർശിക്കുന്ന മന്ത്രി കടകംപള്ളി സുരേന്ദ്രൻ, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ


DR. VERABATHRAN'S
SUPER CHILD DEVELOPMENT PROGRAM



3rd SUCCESSFUL YEAR IN SANTHIGIRI VIDYA BHAVAN

FOR PHYSICAL, MENTAL & INTELLECTUAL DEVELOPMENT THROUGH
DR. VERABATHRAN'S
APPLIED QUANTUM PHYSICAL MEDICINE


ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി





MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI
N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029

Phone : 0471-3050000, Mob: 9544040001






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala